# 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 992** | **18-09-2025 - ൽ മറുപടിയ്ക്ക്**

### വനപ്രദേശങ്ങളിൽ ഫലവൃക്ഷങ്ങൾ നട്ടുവളർത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷണത്തിനായി വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് ഇറങ്ങി വരുന്നതു തടയാൻ അവയ്ക്ക് ആവശ്യമായ ഭക്ഷണത്തിനുള്ള ഫലവൃക്ഷങ്ങളും പുല്ലുകളും കാട്ടിൽ തന്നെ വളർത്താനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ തന്നെ ഭക്ഷ്യ-ജല ലഭ്യത ഉറപ്പാക്കുന്നതിനായി വനം വകുപ്പ് മിഷൻ ഫുഡ്, ഫോഡർ, വാട്ടർ തീവ്രയജ്ഞപരിപാടി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അത് പ്രകാരം വന്യമൃഗങ്ങൾ ജനവാസ-മേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി കുളങ്ങളും മറ്റു ജലസംഭരണികളും അറ്റകുറ്റപ്പണികൾനടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കള സസ്യങ്ങളെ ഉന്മൂലനം ചെയ്തും തദ്ദേശീയമായ ഫലവൃക്ഷങ്ങളുടെയും, പുല്ലിന്റേയും വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മിഷൻ ഫുഡ്, ഫോഡർ, വാട്ടർ തീവ്രയജ്ഞ പരിപാടിയിലൂടെ 2025 ഫെബ്രുവരി മുതൽ നാളിതുവരെ നടപ്പിലാക്കിയ പ്രവർത്തികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ പദ്ധതിക്ക് ഏതെല്ലാം ഏജൻസികളുടെ സഹകരണമാണ് പ്രതീക്ഷിക്കുന്നത്; | (ബി) | 2025 ൽ തുടക്കമിട്ട വിത്തൂട്ട് പദ്ധതിയിൽ വിത്ത് ശേഖരിക്കുന്നതിലും അവ ഉപയോഗിച്ച് വിത്തുണ്ടകൾ തയ്യാറാക്കുന്നതിലും വനമേഖലയിൽ വിതരണം ചെയ്യുന്നതിലും വിദ്യാലയങ്ങൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, യുവജനസംഘടനകൾ, പഞ്ചായത്തുകൾ, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി തുടങ്ങി വിവിധ ഏജൻസികളുടെ സഹകരണമാണ് ലഭ്യമായിട്ടുണ്ട്. വനത്തിനുള്ളിലെ വയലുകളിലേയും ചതുപ്പുകളിലേയും അധിനിവേശ കളസസ്യങ്ങൾ നീക്കം ചെയ്ത് പരിപാലിക്കുന്നതിന് നബാർഡ് മുഖേന ₹25 കോടി ലഭ്യമാക്കുകയും അതനുസരിച്ചുള്ള പ്രവർത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ കൈതചക്ക കൃഷിക്ക് നിരോധനമോ നിയന്ത്രണമോ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ കൈതച്ചക്ക കൃഷി നിയന്ത്രിക്കുന്നതിനോ നിരോധിക്കുന്നതിനോ വനം വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരിക്കുന്നതിനായി വനയോരമേഖലയിലെ വന്യമൃഗങ്ങളെ നാട്ടിലേക്ക് ആകർഷിക്കുന്ന തരത്തിലുള്ള കൃഷിരീതികൾ വനമേഖലയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ നിരുത്സാഹപ്പെടുത്തണമെന്ന നിർദ്ദേശം വിദഗ്ധർ മുന്നോട്ടു വയ്ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

സീഡ് ബാൾ (വിത്തുണ്ട) വ്യാപനം – 5,06,487 എണ്ണം

വിസ്റ്റ ക്ലിയറൻസ് – 620.722 ഹെക്ടർ

തുറസ്സായ പ്രദേശങ്ങളുടെ പുനഃസ്ഥാപനം – 263.15 ഹെക്ടർ

വയലുകളുടെ പുനഃസ്ഥാപനം – 572.72 ഹെക്ടർ

പുൽമേടുകളുടെ പുനഃസ്ഥാപനം – 1704.85 ഹെക്ടർ

സ്വാഭാവിക കുളങ്ങളുടെ പരിപാലനം – 11 എണ്ണം

കൃത്രിമ കുളങ്ങളുടെ നിർമ്മാണം – 55 എണ്ണം

കൃത്രിമ കുളങ്ങളുടെ പരിപാലനം – 112 എണ്ണം

കോൺക്രീറ്റ് ചെക്ക് ഡാമുകളുടെ നിർമ്മാണം – 2 എണ്ണം

കോൺക്രീറ്റ് ചെക്ക് ഡാമുകളുടെ പരിപാലനം – 113 എണ്ണം

കൽത്തടയണകളുടെ നിർമ്മാണം – 21 എണ്ണം

മൺത്തടയണകളുടെ നിർമ്മാണം – 15 എണ്ണം

ബ്രഷ്-വുഡ് ചെക്ക് ഡാമുകളുടെ നിർമ്മാണം – 646 എണ്ണം

നീരുറവകളുടെ പരിപാലനം – 226 എണ്ണം